# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## ഗ്രാമവികസനമേഖലയിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ്

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നമ്പർ : 2960 | 21.06.2013 ൽ മറുപടി<br>നൽകേണ്ടിയിരുന്നത് |

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>" ജി. സുധാകരൻ<br>" കെ. കെ. ജയചന്ദ്രൻ<br>" പുരുഷൻ കടലുണ്ടി | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമവികസനമേഖലയിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാനത്ത് കൂടുതൽ സ്വാതന്ത്ര്യം വേണ്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിയുടെ നടത്തിപ്പിൽ സംസ്ഥാനത്ത് കൂടുതൽ സ്വാതന്ത്ര്യം വേണ്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 ൽ ഉൾപ്പെടുത്തിയിട്ടുള്ള അനുവദനീയമായ പ്രവൃത്തികൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയൂ. സംസ്ഥാനത്തിന്റെ ഭൗതിക തൊഴിൽ സാഹചര്യങ്ങൾക്ക് ഇണങ്ങുന്നതും ഉല്പാദന മേഖലയ്ക്ക് കരുത്തേകുന്നതുമായ ചില പ്രവൃത്തിയിനങ്ങൾ കൂടി പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും തൊഴിലുറപ്പ് തൊഴിലാളികളുടെ കൂലി സംസ്ഥാനത്ത് നിലവിലുള്ള കർഷക തൊഴിലാളികളുടെ കുറഞ്ഞ കൂലി നിരക്കിന് തുല്യമാക്കേണ്ടതാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഏതെല്ലാം പദ്ധതികളിലാണ് കേന്ദ്രത്തിന്റെ മാനദണ്ഡങ്ങൾ സംസ്ഥാനത്ത് ദോഷകരമായി ബാധിക്കുന്നത്; പ്രസ്തുത മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (ബി) | പി.എം.ജി.എസ്.വൈ. പദ്ധതിയിൽ നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന റോഡുകളിലെ പൈപ്പ് ലൈൻ, ഇലക്ട്രിക് പോസ്റ്റ് തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രീമിയവും പദ്ധതി ചെലവിൽ ഉൾപ്പെടുത്തരുത് എന്നുള്ള മാനദണ്ഡം സംസ്ഥാനത്ത് പദ്ധതിയുടെ നടത്തിപ്പിന് ദോഷകരമായി ബാധിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പ് സുഗമമാക്കാനായി മാനദണ്ഡങ്ങൾ ഉദാരമാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ തലത്തിൽ നടക്കുന്ന കൂടിയാലോചനകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ; ഇക്കാര്യത്തിൽ മുൻപ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ഉറപ്പുകൾ എന്തൊക്കെയായിരുന്നു; അവയിൽ ഏതെല്ലാം നടപ്പിലാക്കിയിട്ടുണ്ട്? | (സി) | പി.എം.ജി.എസ്.വൈ. പദ്ധതി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ പൈപ്പ് ലൈൻ, ഇലക്ട്രിക് പോസ്റ്റ് തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രീമിയവും കേന്ദ്രസർക്കാർ വഹിക്കണം എന്നുള്ള നിർദ്ദേശം ഒഴികെ മറ്റ് ഇളവുകൾ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ മാനദണ്ഡം അനുസരിച്ചാണ് ഇപ്പോൾ പദ്ധതികൾ നടപ്പിലാക്കുന്നത്.<br>• ഏറ്റെടുക്കുന്ന റോഡുകളുടെ വീതിയിൽ ഇളവ് അനുവദിക്കുക:- നിലവിൽ 6 മീറ്റർ വീതി ലഭ്യമാകുന്ന റോഡുകൾ ഏറ്റെടുക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.<br>• റോഡിന്റെ ഗ്രേഡിയന്റിന് ഇളവ് അനുവദിക്കുക:- റോഡിന്റെ ഗ്രേഡിയന്റ് 1:8 ലഭ്യമാകുന്ന റോഡുകളും ഏറ്റെടുക്കാവുന്നതാണ്.<br>• ബോഡർ ഏര്യായിൽ വരുന്ന റോഡുകൾ, നക്സൽ ഭീഷണി നേരിടുന്ന പ്രദേശങ്ങളിലെ റോഡുകൾ, എ.ഡി.ബി./ലോക ബാങ്ക് ലോൺ മുഖേന ഏറ്റെടുക്കുന്ന റോഡുകൾ തുടങ്ങിയ മാനദണ്ഡങ്ങൾ |

| | | | |
|---|---|---|---|
| | | | പ്രകാരമാണ് പുതിയ പദ്ധതികൾ അനുവദിച്ചിരുന്നത്. എന്നാൽ സംസ്ഥാനം ടി മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ ടി മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി പുതിയ പദ്ധതികൾ അനുവദിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടതനുസരിച്ച് 689.90 കോടി രൂപ അടങ്കലായി 1011.715 കി.മീ. ദൈർഘ്യം വരുന്ന 415 റോഡുകൾക്ക് കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ